# സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

SCERT Kerala

(എസ്.സി.ഇ.ആർ.ടി. കേരള)

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

ഫോൺ: 0471 - 2341883, 2340323, ഫാക്സ് : 0471-2341869

ഇ-മെയിൽ : scertkerala@gmail.com, web: www.scert.kerala.gov.in


09.01.2018

**പത്രക്കുറിപ്പ്**

## എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2018 : സാമൂഹ്യശാസ്ത്ര പരീക്ഷയിലെ ക്രമീകരണങ്ങൾ

2018 മാർച്ചിൽ നടക്കാനിരിക്കുന്ന പത്താംതരം പരീക്ഷയിൽ സാമൂഹ്യശാസ്ത്ര ചോദ്യപേപ്പറിൽ ചില ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. ഉള്ളടക്കഭാരവും പരീക്ഷാസമ്മർദ്ദവും ലഘൂകരിക്കുന്നതിനാണ് ഈ ക്രമീകരണം.

സാമൂഹ്യശാസ്ത്രപരീക്ഷ ചോദ്യപേപ്പറിൽ **എ, ബി** എന്നിങ്ങനെ രണ്ട് ഭാഗങ്ങൾ ഉണ്ടായിരിക്കും. രണ്ട് ഭാഗങ്ങൾക്കും 40 വീതം സ്കോറുകളാണ് നൽകിയിരിക്കുന്നത്. എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും നിർബന്ധമായും ഉത്തരമെഴുതേണ്ടതാണ്. **ബി** വിഭാഗത്തിലുള്ള ചോദ്യങ്ങളിൽ നിന്ന് നിശ്ചിത എണ്ണം തിരഞ്ഞെടുത്ത് ഉത്തരം എഴുതുന്നതിന് അവസരം ലഭിക്കും.

സാമൂഹ്യശാസ്ത്രത്തിന് രണ്ട് പാഠപുസ്തകങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇവയിൽ നിന്നു തിരഞ്ഞെടുത്ത ഒമ്പത് അധ്യായങ്ങളാണ് **എ** വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ശേഷിക്കുന്ന പന്ത്രണ്ട് അധ്യായങ്ങളെ രണ്ടിന്റെ ക്ലസ്റ്ററുകളായി തിരിച്ച് **ബി** വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ക്ലസ്റ്ററുകളിൽ നിന്ന് കുട്ടിക്ക് ഒന്നുവീതം തിരഞ്ഞെടുത്ത് പൊതുപരീക്ഷയ്ക്കു വേണ്ടി പഠിക്കുവാൻ അവസരം ലഭിക്കും. ഇതിലൂടെ പഠനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന പാഠഭാഗങ്ങളിൽ നിന്ന് ആറ് അധ്യായങ്ങൾ ഒഴിവാക്കി പരീക്ഷാ തയാറെടുപ്പ് നടത്തുവാൻ കുട്ടികൾക്ക് കഴിയും. വിശദാംശങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ് (www.scertkerala.gov.in).

### യൂണിറ്റ് വിശദാംശങ്ങൾ

**പാർട്ട് എ – 40 സ്കോർ**

**സാമൂഹ്യശാസ്ത്രം – I**

1. ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും
2. സമരവും സ്വാതന്ത്ര്യവും
3. കേരളം ആധുനികതയിലേക്ക്
4. രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും
5. സമൂഹശാസ്ത്രം എന്ത്? എന്തിന്?

**സാമൂഹ്യശാസ്ത്രം – II**

1. വൈവിധ്യങ്ങളുടെ ഇന്ത്യ
2. ഇന്ത്യ സാമ്പത്തിക ഭൂമിശാസ്ത്രം
3. ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും
4. ഉപഭോക്താവ് : സംതൃപ്തിയും സംരക്ഷണവും

**പാർട്ട് ബി – 40 സ്കോർ**

**സാമൂഹ്യശാസ്ത്രം – I**

1 ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ അല്ലെങ്കിൽ
ലോകം ഇരുപതാംനൂറ്റാണ്ടിൽ

2 സംസ്കാരവും ദേശീയതയും അല്ലെങ്കിൽ
സ്വാതന്ത്ര്യാനന്തര ഇന്ത്യ

3 പൊതുഭരണം അല്ലെങ്കിൽ
പൗരബോധം

**സാമൂഹ്യശാസ്ത്രം – II**

1 ഋതുഭേദങ്ങളും സമയവും അല്ലെങ്കിൽ
കാറ്റിന്റെ ഉറവിടം തേടി

2 ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും അല്ലെങ്കിൽ
ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ

3 മാനവവിഭവശേഷി വികസനം ഇന്ത്യയിൽ അല്ലെങ്കിൽ
പൊതുചെലവും പൊതുവരുമാനവും



**ഡോ. ജെ പ്രസാദ്**
ഡയറക്ടർ